പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6181 10.07.2012- ൽ മറുപടിയ്ക്ക്

## വിവിധ പദ്ധതികളിലായി വിതരണം ചെയ്ത കോഴികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). | |
| (എ) | സംസ്ഥാനത്ത് വിവിധ പദ്ധതികളിലായി വിതരണം ചെയ്ത കോഴികൾ കേരള പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ ഫാമിൽ വളർത്തിയെടുക്കുന്ന പൂർണ്ണ ആരോഗ്യമുള്ള വാക്സിനേഷൻ കഴിഞ്ഞ കോഴിക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യേണ്ടത് എന്ന് നിർബന്ധമുണ്ടോ; | (എ) | നിർബന്ധമില്ല. എന്നാൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി വിതരണം ചെയ്യുന്നത്, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഇന്റഗ്രേഷൻ ഫാമുകളിൽ വളർത്തുന്ന 45 ദിവസം മുതൽ 60 ദിവസം വരെ പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെയാണ്. |
| (ബി) | അന്യസംസ്ഥാനത്ത് നിന്ന് വാങ്ങി എത്ര കോഴികൾ കെപ്കോ വഴി ഇതുവരെയായി വിതരണം നടത്തിയിട്ടുണ്ട്; | (ബി) | കഴിഞ്ഞ രണ്ടു വർഷമായി അന്യസംസ്ഥാനത്തു നിന്ന് കോഴികളെ വാങ്ങി വിതരണം ചെയ്യുന്നില്ല. |
| (സി) | കോഴികളെ അന്യസംസ്ഥാനത്ത് നിന്ന് വാങ്ങുമ്പോൾ ഓപ്പൺ ടെണ്ടർ വിളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കോഴികളെ നൽകിയ സ്വകാര്യ സ്ഥാപനത്തിന്റെ പേരും വിവരങ്ങളും ലഭ്യമാക്കാമോ ? | (സി) | ലഭ്യമാക്കാം. അന്യസംസ്ഥാനത്ത് നിന്നു കോഴികളെ വാങ്ങുന്നില്ല. എന്നാൽ ടെണ്ടർ വിളിച്ച് സംസ്ഥാനത്തിനകത്ത് തന്നെ വളർത്തുന്ന പ്രൈവറ്റ് ഹാച്ചറിയായ അഭിലാഷ് മീറ്റ് പ്രോഡക്ട്സ്, അങ്കമാലി, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും കോഴികളെ വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ